# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 64** — **30.06.2015 -ൽ മറുപടിയ്ക്ക്**

### ഭൂഗർഭ ജലശോഷണം

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ. എം.ഉമ്മർ<br>ശ്രീ. റ്റി.എ.അഹമ്മദ് കബീർ<br>ശ്രീ. സി.മമ്മൂട്ടി<br>ശ്രീ. കെ.മുഹമ്മദുണ്ണി ഹാജി | ശ്രീ.പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പു മന്ത്രി) |
| എ) ഭൂഗർഭ ജല ലഭ്യതയുടെയോ ശേഖരത്തിന്റെയോ അടിസ്ഥാനത്തിൽ സംസ്ഥാനത്തിന്റെ വിവിധ മേഖലകളെ ക്ലാസിഫൈ ചെയ്തിട്ടുണ്ടോ; മൊത്തം ഭൂഗർഭ ജല വിഭവ ശേഷി കണക്കാക്കിയിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ; | എ) ഭൂജല ലഭ്യതയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തിന്റെ വിവിധ ബ്ലോക്കുകളെ തരം തിരിച്ചിട്ടുണ്ട്. **2011** മാർച്ച് വരെയുള്ള പഠനമനുസരിച്ച് സംസ്ഥാനത്തെ ആകെ ഭൂജല ലഭ്യത **6.07** ബില്യൻ ക്യൂബിക് മീറ്റർ എന്നാണ് കണക്കാക്കിയിട്ടുള്ളത്. |
| ബി) ഭൂഗർഭ ജല ശോഷണം കണക്കിലെടുത്ത് ഏതൊക്കെ പ്രദേശങ്ങളെ ക്രിട്ടിക്കൽ, ഓവർ എക്സ് പ്ലോയിറ്റഡ് എന്നീ വിഭാഗങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നതിന്റെ വിശദവിവരം നൽകാമോ ; | ബി) 2011 ലെ ഗ്രൗണ്ട് വാട്ടർ എസ്റ്റിമേഷൻ റിപ്പോർട്ട് പ്രകാരം പാലക്കാട് ജില്ലയിലെ ചിറ്റൂർ ബ്ലോക്ക് അമിത ചൂഷണ ബ്ലോക്കായും, പാലക്കാട് ജില്ലയിലെ മലമ്പുഴ ബ്ലോക്ക്, കാസർഗോഡ് ജില്ലയിലെ കാസർഗോഡ് ബ്ലോക്ക് എന്നിവ ക്രിട്ടിക്കൽ ബ്ലോക്കായും തരംതിരിച്ചിട്ടുണ്ട്. |

| | |
|---|---|
| സി) കാർഷിക കാർഷികേതരാവശ്യങ്ങൾക്കായി കുഴൽക്കിണർ നിർമ്മിക്കുന്നതിന് അനുമതി നൽകുന്നതിനും കിണർ കുഴിക്കുന്നതിനുമുള്ള വ്യവസ്ഥകൾ വ്യക്തമാക്കുമോ; സ്വകാര്യ അന്യ സംസ്ഥാന ഏജൻസികൾക്ക് കിണർ കുഴിക്കാൻ അനുമതി നൽകുന്നതിനുള്ള മാനദണ്ഡമെന്താണെന്ന് വ്യക്തമാക്കുമോ ? | സി) സംസ്ഥാനത്ത് ജി.ഒ(പി)നം.58/2005/ഡബ്ല്യൂ.ആർ.ഡി, തീയതി 19/11/2005 എന്ന സർക്കാർ ഉത്തരവ് പ്രകാരം വിജ്ഞാപനം ചെയ്യപ്പെട്ടിട്ടുള്ള 5 ബ്ലോക്കുകളിൽ കുഴൽകിണർ നിർമ്മാണത്തിന് നിയന്ത്രണമേർപ്പെടുത്തിയിട്ടുണ്ട്.<br>1. അതിയന്നൂർ ബ്ലോക്ക്, തിരുവനന്തപുരം ജില്ല<br>2. കൊടുങ്ങല്ലൂർ ബ്ലോക്ക്, തൃശ്ശൂർ ജില്ല<br>3. കാസർഗോഡ് ബ്ലോക്ക്, കാസർഗോഡ് ജില്ല<br>4. കോഴിക്കോട് ബ്ലോക്ക്, കോഴിക്കോട് ജില്ല<br>5. ചിറ്റൂർ ബ്ലോക്ക് , പാലക്കാട് ജില്ല<br><br>ഇതനുസരിച്ച് ഈ ബ്ലോക്കുകളിൽ കുഴൽ കിണർ നിർമ്മാണത്തിന് ഭൂജല അതോറിറ്റിയുടെ പെർമിറ്റ് ബാധകമാക്കിയിട്ടുണ്ട്.<br><br>സ്വകാര്യ അന്യ സംസ്ഥാന ഡ്രില്ലിംഗ് ഏജൻസികൾ കുഴൽ കിണർ നിർമ്മിക്കുന്നതിനുവേണ്ടി സംസ്ഥാന ഭൂജല അതോറിറ്റിയിൽ രജിസ്റ്റർ ചെയ്യണമെന്ന വ്യവസ്ഥ ജി.ഒ.(എം.എസ്)നമ്പർ 59/14/ജലവിഭവ തീയതി:27/06/2014 എന്ന സർക്കാർ ഉത്തരവിൻപ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**